# പത്ര പരസ്യം

# ന്യൂനപക്ഷ വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്ക്

# കരിയർ ഗൈഡൻസ് പദ്ധതി

തിരുവനന്തപുരം: ന്യൂനപക്ഷ വിഭാഗത്തിൽപെടുന്ന വിദ്യാർത്ഥി /വിദ്യാർത്ഥിനികളുടെ അഭിരുചിക്കനുസരിച്ച് വിവിധ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതായി ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലകൾ കേന്ദ്രീകരിച്ച് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന എസ്.എസ്.എൽ.സി, പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കന്ററി തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥി /വിദ്യാർത്ഥിനികൾക്ക് വേണ്ടി ഒരു ക്ലാസ്സും, രണ്ട് , മൂന്ന് വർഷ ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് വേണ്ടി പ്രത്യേകം ക്ലാസ്സുമാണ് നടത്തുന്നത്. 30% സീറ്റുകൾ പെൺകുട്ടികൾക്കും 40% സീറ്റുകൾ ബി.പി.എൽ വിഭാഗത്തിലെ വിദ്യാർത്ഥി /വിദ്യാർത്ഥിനികൾ ക്കുമായിരിക്കും. ഒരു ക്ലാസ്സിൽ പരമാവധി 200 കുട്ടികൾക്ക് പങ്കെടുക്കാം. 20% സീറ്റുകൾ ക്രിസ്ത്യൻ വിഭാഗത്തിൽപെടുന്ന കുട്ടികൾക്കായി മാറ്റിവച്ചിരിക്കുന്നു. അവസാന വർഷ പരീക്ഷയിൽ 60% മാർക്ക് നേടിയവരായിരിക്കണം അപേക്ഷകർ. പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥി /വിദ്യാർത്ഥിനികൾക്ക് എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ലഭിച്ച മാർക്കും ഡിഗ്രി വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് പ്ലസ് ടു/ തത്തുല്യ പരീക്ഷയ്ക്ക് ലഭിച്ച മാർക്കുമായിരിക്കും മാനദണ്ഡം. ന്യൂനപക്ഷക്ഷേമ വകുപ്പ് പ്രത്യേകം തയ്യാറാക്കിയ അപേക്ഷ ഫാറം മുഖാന്തിരമാണ് അപേക്ഷിക്കേണ്ടത്. പൂരിപ്പിച്ച അപേക്ഷ 'ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷ ക്ഷേമസെക്ഷൻ, ജില്ലാ കളക്ടറേറ്റ് എന്ന വിലാസത്തിൽ സ്വന്തം ജില്ലയിലേക്കാണ് അപേക്ഷിക്കേണ്ടത്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2013 ആഗസ്റ്റ് 31 വൈകിട്ട് 5 മണി. അപേക്ഷഫാറം ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷനിൽ നിന്നും www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കും കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷനുമായോ 0471-2302090, 2300523 എന്ന നമ്പറിലോ ബന്ധപ്പെടുക.

**ഡയറക്ടർ**

എഫ്.എൻ 30/7